(ഡി) എൻ.ജെ.ഡി. ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) എൻ.ജെ.ഡി ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുമ്പോൾ പ്രസ്തുത ഒഴിവിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി.

35 (1089) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ എത്ര സി.ബി.എസ്.ഇ. സ്കൂളുകൾക്കാണ് സർക്കാർ എൻ.ഒ.സി. നൽകിയത് ; ഇങ്ങനെ വ്യാപകമായി എൻ.ഒ.സി. നൽകാനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

2014-15 വർഷത്തിൽ നാളിത് വരെ 40 സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്. നിലവിൽ 5 വർഷമായി പ്രവർത്തിച്ചുവരുന്നതും മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സ്കൂളുകൾക്കാണ് എൻ.ഒ.സി. നൽകി വരുന്നത്. കൂടാതെ വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് സർക്കാർ അനുമതിയില്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ പാടുള്ളതല്ല.

സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റുകളിൽ ജാതി

36 (1090) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പത്താം ക്ലാസ് സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്താത്തതു കാരണം സംവരണാനുകൂല്യങ്ങൾക്കുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി രക്ഷാകർത്താക്കൾക്ക് വില്ലേജാഫീസുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിൽ നേരിടുന്ന കടുത്ത ബുദ്ധിമുട്ട് പരിഗണിച്ച് പ്രസ്തുത സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly